## J. KRISHNAMURTI

## CONVERSAT

മനുഷ്യമനസ്സിന്റെ ആഴത്തെയും സങ്കീർണതയെയും കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്ന സംഭാഷണങ്ങൾ. മനസ്സിന്റെ അസ്തിത്വപ്രശ്നങ്ങൾ, വൈകാരികക്ഷോഭങ്ങൾ, ദാർശനികസമസ്യകൾ എന്നിവ വ്യക്തമായി കൃഷ്ണമൂർത്തി അവതരിപ്പിക്കുന്നു.

ജെ. കൃഷ്ണമൂർത്തിയുടെ ജീവിതദർശനം.എല്ലാം ഉൾക്കൊള്ളുന്നു. ഭൗതികജീവിതവും മതാത്മകജീവിതവും തമ്മിൽ അവിടെ വേർതിരിവുകളില്ല. കൃഷ്ണമൂർത്തി പറയുന്നു: 'മതം ജീവിതത്തിൽനിന്ന് വിഭിന്നമല്ല. നേരെമറിച്ച് അത് ജീവിതം തന്നെയാണ്. മതവും ജീവിതവും തമ്മിലുള്ള വിഭജനമാണ് എല്ലാ ദുരിതങ്ങളുമുണ്ടാക്കുന്നത്.' അപ്പോൾ അടിസ്ഥാനപരമായ ചോദ്യത്തിലേക്ക് നാം മടങ്ങിയെത്തുന്നു: 'ദൈനംദിനജീവിതത്തിൽ ബോധോദയത്തിന്റെ അവസ്ഥയിൽ നമുക്കു ജീവിക്കാനാവുമോ?'

മനുഷ്യാവസ്ഥയെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനത്തിന്റെ ധന്യമായ പ്രകാശനങ്ങൾ

രണ്ടാം പതിപ്പ്

പരിഭാഷ
**പി. എം. നാരായണൻ**

Malayalam / Philosophy
Cover photograph: Krishnamurti Foundation India
Cover design: Mansoor Cheruppa

Non-fiction

ISBN 978-81-8265-062-6

₹ 50

മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS

www.mathrubhumibooks.com ◆ 2013
The Mathrubhumi Printing & Publishing Co. Ltd., Kozhikode



# ജെ. കൃഷ്ണമൂർത്തി
# സംഭാഷണങ്ങൾ

## പി.എം. നാരായണൻ

1945 മെയ് 12ന് മലപ്പുറം ജില്ലയിലെ മൂതൂർ ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ കവിയും അധ്യാപകനുമായ ജയന്തൻ നമ്പൂതിരി. അമ്മ ശ്രീദേവി അന്തർജനം. തൃശൂർ കേരളവർമ കോളേജിൽനിന്ന് കൊമേഴ്സിൽ ബിരുദം. 1965 മുതൽ 2001 വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉദ്യോഗസ്ഥൻ. *എന്തിന്?, ഫുട്ബോൾ, തടാകം, പി.എം. നാരായണന്റെ കവിതകൾ* (കവിതകൾ). *സ്വാതന്ത്ര്യം എന്ന ശാപം, ഞാൻ ആരാണ്?* (ലേഖനങ്ങൾ), *പി. കുഞ്ഞിരാമൻ നായർ* (ജീവചരിത്രം), *ശ്രീരാധ, മനുഷ്യബന്ധം എന്ന പ്രശ്നം, ശ്രീ രമണമഹർഷി പറഞ്ഞ കഥകൾ, എട്ടു റഷ്യൻ കഥകൾ* (പരിഭാഷ) എന്നിവയാണ് കൃതികൾ. *ശ്രീരാധ* എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിവർത്തനത്തിനുള്ള അവാർഡ് ലഭിച്ചു. *വിലാസം:* വിദ്യ, 14, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോളനി, കുതിരവട്ടം പി.ഒ., കോഴിക്കോട് 16. ഫോൺ: 0495 2743955.


# സംഭാഷണങ്ങൾ

ദർശനം

## ജെ. കൃഷ്ണമൂർത്തി

വിവർത്തനം
പി.എം. നാരായണൻ


മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS
2013

സംഭാഷണങ്ങൾ
Malayalam | Philosophy
SAMBHAASHANANGAL
Author | J. Krishnamurti
Translation | P.M. Narayanan
Published by
**Mathrubhumi Books**
First Edition | May 2011
Second Edition | June 2013

ISBN: 978-81-8265-062-6
ME-II/ 2000/ 2013
₹ 50

For the original English Text
© Krishnamurti Foundation Trust Ltd.
Brockwood Park, Bramdean, Hampshire, SO 24 OLQ England.

© 2010, Krishnamurti Foundation India
'Vasanta Vihar' 124, 126 Greenways Road, R.A. Puram, Chennai 600 028.

No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

*An Imprint of*
The Mathrubhumi Printing & Publishing Co. Ltd., Kozhikode, Keralam, India
Printed by P V Chandran at The Mathrubhumi MM Press, Kozhikode
145/2013/rp/dr/geeth.

*Editorial Office*
Mathrubhumi MM Press, Cherootty Road, Kozhikode-673 001
Tel: 0495 2765381, 2765388. Fax: 0495 2760138
e-mail: books.mathrubhumi@gmail.com
website: www.mathrubhumibooks.com

*Sales Centres*
Kozhikode, Kochi, Thiruvananthapuram, Thrissur, Kannur, Kottayam
Malappuram, Kollam, Palakkad, Kalpetta
Nedumbasseri Airport, Ernakulam North, Shoranur, Aluva (Rly Stations)

**The Mathrubhumi Printing & Publishing Co. Ltd.**

**PUBLISHERS OF**
Mathrubhumi Daily • Mathrubhumi Illustrated Weekly • Grihalakshmi • Chithrabhumi • ArogyaMasika
SportsMasika • ThozhilVartha • Balabhumi • Yathra • Minnaminni • Cartoon Plus • Star & Style

**MATHRUBHUMI DAILY IS PUBLISHED FROM**
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam
Malappuram • Kollam • Palakkad • Alappuzha • Mumbai • Chennai • Bengaluru • Delhi • Dubai

**REGISTERED OFFICE**
Mathrubhumi Buildings, K P Kesava Menon Road, Kozhikode 673 001

**www.mathrubhumi.com**

# സംഭാഷണങ്ങൾ

*ജെ. കൃഷ്ണമൂർത്തി* ›› vii

സമൂലമായ മാറ്റം സാധ്യമാണോ? ›› 11

ലൈംഗികതയും ചാരിത്ര്യവും ›› 18

എന്താണ് സ്നേഹം? ›› 22

ഞാൻ എന്ന ചട്ടക്കൂട് ›› 25

മനസ്സിനെ എന്താണ് വിരസമാക്കുന്നത്? ›› 32

ഇക്കരയും അക്കരയും ›› 38

ബോധോദയം എന്നാൽ എന്താണ്? ›› 42

നിശ്ശബ്ദതയിൽ സംഭവിക്കുന്നത് ›› 48

ശീലവും അതിനോടുള്ള പ്രതിരോധവും ›› 55

എല്ലായ്പോഴും
പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏകാകിത ›› 60

ചിന്തയും ചിന്തകനും ›› 64

സംഘർഷത്തിന്റെ അറുതി ›› 69

നിങ്ങളിൽനിന്നുതന്നെ വരുന്ന നാശം ›› 75

ജെ. കൃഷ്ണമൂർത്തി 1968-ൽ കാലിഫോർണിയയിലെ മാലിബൂവിൽവെച്ച് ഒരു സുഹൃത്തിനു പറഞ്ഞുകൊടുത്തെഴുതിച്ച പതിമൂന്ന് സംഭാഷണങ്ങളാണ് ഇതിലുള്ളത്. ആദ്യത്തെ അഞ്ചെണ്ണം തുടങ്ങുന്നത് പ്രകൃതിയെയോ ജീവിതവിചാരങ്ങളെയോ കുറിച്ചുള്ള ചില വിവരണങ്ങളിലൂടെയാണ്. തുടർന്ന് കൃഷ്ണമൂർത്തിയും സന്ദർശകനുമായുള്ള അഥവാ സന്ദർശകസംഘവുമായുള്ള സംഭാഷണങ്ങളിലൂടെ അവ പുരോഗമിക്കുന്നു. കൃഷ്ണമൂർത്തിയുടെ മറുപടികൾ വേർതിരിച്ചറിയാൻ സന്ദർശകരുടെ പ്രസ്താവനകൾ ഉദ്ധരണിചിഹ്നങ്ങൾക്കിടയിൽ കൊടുത്തിരിക്കുന്നു.

ശേഷിക്കുന്ന എട്ടു സംഭാഷണങ്ങളും ചോദ്യോത്തരരൂപത്തിലുള്ളവതന്നെയാണ്.

*– കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ*

## ജെ. കൃഷ്ണമൂർത്തി

ഇരുപതാംനൂറ്റാണ്ടിന്റെ വലിയൊരു ഭാഗത്തോളം വ്യാപിച്ചുനിൽക്കുന്ന ജെ. കൃഷ്ണമൂർത്തിയുടെ ജീവിതവും ദർശനവും ആധുനികയുഗത്തിന്റെ അവബോധത്തെ അഗാധമായി സ്പർശിക്കുകയുണ്ടായി. ജ്ഞാനി, തത്ത്വചിന്തകൻ, പ്രബുദ്ധൻ എന്നീ നിലകളിൽ അദ്ദേഹം ലോകത്തെങ്ങുമുള്ള ധിഷണാശാലികളുടെ, സാധാരണക്കാരുടെ, ചെറുപ്പക്കാരുടെ, പ്രായമായവരുടെയൊക്കെ ജീവിതത്തെ പ്രകാശപൂർണമാക്കി. എല്ലാ മതങ്ങൾക്കും അതീതമായ ഒരു ജീവിതരീതി ചൂണ്ടിക്കാട്ടുകവഴി കൃഷ്ണമൂർത്തി മതത്തിനു പുതിയൊരർഥവും ഉള്ളടക്കവും നൽകി. സമകാലീനസമൂഹത്തിന്റെ പ്രശ്നങ്ങളെ ധീരമായി അഭിമുഖീകരിക്കാനും മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെ ശാസ്ത്രീയമായ അടിയുറപ്പോടെ വിശകലനം ചെയ്തുകാട്ടാനും അദ്ദേഹത്തിനു സാധിച്ചു. 'മനുഷ്യനെ പൂർണമായും നിരുപാധികമായും മുക്തനാക്കുക' എന്നതു മാത്രമാണ് തന്റെ ഒരേയൊരു പരിഗണന എന്നു പ്രഖ്യാപിച്ചുകൊണ്ട്, മനുഷ്യനെ അവന്റെ ദുഃഖം, ഭയം, ഹിംസാത്മകത, സ്വാർഥത എന്നിവയിൽനിന്ന് വിമോചിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

ജിദ്ദു കൃഷ്ണമൂർത്തി (11-05-1895-17-02-1986) ആന്ധ്രാപ്രദേശിലെ മദനപ്പള്ളി ഗ്രാമത്തിൽ ധർമനിഷ്ഠയുള്ള ഒരിടത്തരം കുടുംബത്തിൽ പിറവിയെടുത്തു. തിയോസഫിക്കൽ സൊസൈറ്റിയുടെ നേതാക്കൾ ബാലനായ കൃഷ്ണമൂർത്തിയെ കണ്ടെത്തുകയായിരുന്നു; അവർ കൃഷ്ണമൂർത്തിയെ തങ്ങൾ കാത്തിരുന്ന ലോകഗുരുവാണെന്ന് പ്രഘോഷിച്ചു. യുവാവായിരിക്കെത്തന്നെ കൃഷ്ണമൂർത്തി ഗൂഢമായ ചില അനുഭവങ്ങളിലൂടെ കടന്നുപോയത് അദ്ദേഹത്തെ ആഴത്തിൽ മാറ്റുകയും ഇതദ്ദേഹത്തിൽ ജീവിതത്തെപ്പറ്റിയുള്ള ഒരു പുതിയ ഉൾക്കാഴ്ച പകരുകയും ചെയ്തു. തുടർന്ന് അദ്ദേഹം ജനങ്ങളെ ഒരു ഗുരുവിന്റെ നിലയിലല്ല, ഒരു സുഹൃത്തിന്റെ നിലയിൽ കാണുവാനും സംബോധന ചെയ്യുവാനും ആരംഭിച്ചു.

1920-ന്റെ തുടക്കംമുതൽ 1986-ൽ തന്റെ തൊണ്ണൂറ്റൊന്നാം വയസ്സുവരെ കൃഷ്ണമൂർത്തി ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും എഴുതുകയും പണ്ഡിതന്മാരും യതികളും ഉൾപ്പെടെ ജീവിതത്തിന്റെ പല ശ്രേണികളിലുള്ള വ്യക്തികളുമായി സംവാദങ്ങളിലേർപ്പെടുകയും ചെയ്തു; ചിലപ്പോൾ കരുണാപൂർണവും ദുഃഖശമനദായകവുമായ തന്റെ സാന്നിധ്യം തേടിയെത്തുന്ന സ്ത്രീപുരുഷന്മാർക്കു മുന്നിൽ നിശ്ശബ്ദമിരുന്നും അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ ആശയങ്ങൾ പുസ്തകാർജിതമായ അറിവുകളിൽനിന്നോ പാണ്ഡിത്യത്തിൽനിന്നോ ഉരുവായവയായിരുന്നില്ല. മറിച്ച്, മനുഷ്യാവസ്ഥയുടെ ആഴമേറിയ ഉൾക്കാഴ്ചയിൽനിന്നും പാവനമായതിനെപ്പറ്റിയുള്ള ദർശനങ്ങളിൽനിന്നും ഉണ്ടായവയായിരുന്നു. അദ്ദേഹം ഒരുതരത്തിലുള്ള 'തത്ത്വശാസ്ത്ര' ത്തെയും മുന്നോട്ടുവെച്ചില്ല.

മറിച്ച്, നാം നമ്മുടെ നിത്യജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചു. ആധുനികസമൂഹത്തിലെ അഴിമതി, ഹിംസാത്മകത, സുരക്ഷിതത്വത്തിനും സന്തുഷ്ടിക്കും വേണ്ടിയുള്ള വ്യക്തിയുടെ അന്വേഷണം, മനുഷ്യനെ അവന്റെ കോപം, ആർത്തി, ഭയം, ദുഃഖം എന്നിവയിൽനിന്ന് മുക്തനാക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റിയൊക്കെ അദ്ദേഹം സംസാരിച്ചു.

രണ്ടു ലോകയുദ്ധങ്ങൾ, ആറ്റത്തിന്റെ വിഭജനം, പ്രത്യയശാസ്ത്രങ്ങളുടെ പതനം, ഭൂമിക്കുനേരെ മനുഷ്യൻ നടത്തിയ രാക്ഷസീയസംഹാരം, മനുഷ്യജീവിതത്തിന്റെ സർവതലങ്ങളെയും ഗ്രസിച്ച ജീർണത എന്നിവയൊക്കെ കണ്ട കൃഷ്ണമൂർത്തി ഇരുപതാംനൂറ്റാണ്ടിന്റെ ഏറ്റവും പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ ജീവിച്ചു. വിവിധ സാങ്കേതികവിദ്യകളിൽ വളരെയധികം പുരോഗതി നേടിയ ഒരു നൂറ്റാണ്ടുകൂടിയായിരുന്നു അത്. കൃഷ്ണമൂർത്തി തന്റെ ദീർഘദർശനത്തിലൂടെ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് മുന്നറിയിപ്പു നൽകി. ഭൂമിക്കു സംഭവിക്കാൻ പോകുന്ന മഹാവിനാശത്തെപ്പറ്റി നാം ബോധവാന്മാരാകുന്നതിനും ദശകങ്ങൾക്കു മുമ്പുതന്നെ ഭൂമിയെ സംരക്ഷിക്കേണ്ടതിനെപ്പറ്റി, അതിൽ പതുക്കെ കാലടി വയ്ക്കേണ്ടതിനെപ്പറ്റി, സ്കൂളുകളിലെ കുട്ടികളെ അദ്ദേഹം ഉപദേശിച്ചു. 1970-ാമാണ്ടോടുകൂടി അദ്ദേഹം ചോദിക്കുകയുണ്ടായി: 'തലച്ചോറിന്റെ മുഴുവൻ പ്രവർത്തനങ്ങളും കംപ്യൂട്ടർ ചെയ്യാൻ തുടങ്ങുന്നതോടെ മനുഷ്യന് എന്തു സംഭവിക്കും?'

കൃഷ്ണമൂർത്തിയുടെ സമീപനത്തിലെ ചേതസ്സമാകർഷകമായ ഘടകം, കാലഘട്ടത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട് സംബോധന ചെയ്യുമ്പോൾപ്പോലും അദ്ദേഹത്തിന്റെ ഉത്തരങ്ങൾ ജീവിതത്തിന്റെയും സത്യത്തിന്റെയും കാലാതീതമായ ദർശനത്തിൽ വേരൂന്നിയതായിരുന്നു എന്നതത്രേ. ഏതൊരു പ്രശ്നത്തിന്റെയും പിന്നിൽ എപ്രകാരമാണ് പ്രശ്നസ്രഷ്ടാവ് മറഞ്ഞുനിൽക്കുന്നതെന്നും മനുഷ്യന്റെ മനസ്സിൽത്തന്നെ എപ്രകാരമാണ് സംഘർഷത്തിന്റെയും സംഹാരത്തിന്റെയും ഉറവിടം നിലകൊള്ളുന്നതെന്നും അദ്ദേഹം കാട്ടിത്തന്നു. സമകാലികമായ പ്രശ്നങ്ങൾക്ക് 'റെഡിമെയ്ഡായ' പരിഹാരങ്ങളൊന്നും അദ്ദേഹം ഉന്നയിക്കുന്നില്ല. കാരണം, അവയെല്ലാം മനുഷ്യന്റെ മനസ്സിന്റെയും ഹൃദയത്തിന്റെയും അടിത്തട്ടിൽ നിഗൂഢമായിരിക്കുന്ന ആതുരതയുടെ ലക്ഷണങ്ങൾ മാത്രമാണെന്ന് അദ്ദേഹം വ്യക്തമായി കാണുന്നു.

എക്കാലത്തേയും മഹാനായ മതാത്മകാചാര്യൻമാരിലൊരാളായി കിഴക്കും പടിഞ്ഞാറുമുള്ളവർ കൃഷ്ണമൂർത്തിയെ അംഗീകരിക്കുന്നുണ്ടെങ്കിലും അദ്ദേഹം സ്വയം ഒരു മതത്തിനോ ഒരു വിഭാഗത്തിനോ ഒരു രാജ്യത്തിനോ അവകാശപ്പെട്ടവനല്ല. അതുപോലെ അദ്ദേഹം രാഷ്ട്രീയപരമോ പ്രത്യയശാസ്ത്രപരമോ ആയ ഏതെങ്കിലുമൊരു 'സ്കൂളി'നോട്, ചിന്താപദ്ധതിയോട് ചായ്‌വ് പുലർത്തുന്നില്ല. മറിച്ച്, മനുഷ്യനെ മനുഷ്യനുമായി വിഭജിക്കുന്നതിലും സംഘർഷത്തിലും യുദ്ധത്തിലുമെത്തിക്കുന്നതിലും ഇവയൊക്കെയാണ് പ്രമുഖമായ പങ്കുവഹിക്കുന്നതെന്ന് അദ്ദേഹം





സ്ഥാപിച്ചു. ആത്യന്തികമായി നാം മനുഷ്യരാണെന്നും മറിച്ച് റഷ്യക്കാരനോ അമേരിക്കക്കാരനോ ഇന്ത്യക്കാരനോ പാകിസ്താൻകാരനോ വെവ്വേറെ മതത്തിൽപ്പെട്ടവരോ അല്ലെന്നും കൃഷ്ണമൂർത്തി ആവർത്തിച്ചുപറഞ്ഞു. ഭൂമിയിലുള്ള ഒരു മനുഷ്യനും മനുഷ്യരാശിയിൽനിന്ന് ഭിന്നനല്ലെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ ദൈനംദിനജീവിതത്തിനു ധ്യാനാത്മകവും മതാത്മകവുമായ ഒരു മൂല്യം പകർന്നുനൽകേണ്ടതിന്റെ പ്രാധാന്യത്തെ അദ്ദേഹം ചൂണ്ടിക്കാട്ടി. അത്തരം ആത്യന്തികമായ ഒരു മാറ്റത്തിനു മാത്രമേ വിശ്വത്തിൽ ഒരു പുതിയ മനസ്സിനെ, ഒരു നവനാഗരികതയെ ഉണ്ടാക്കാനാവു. അതുകൊണ്ട് അദ്ദേഹത്തിന്റെ ആശയങ്ങൾ മനുഷ്യനിർമിതമായ മതവിശ്വാസങ്ങളുടെ അതിരുകൾക്കും ദേശീയവികാരങ്ങൾക്കും വിഭാഗീയ കാഴ്ചപ്പാടുകൾക്കുമൊക്കെ അതീതമായിരുന്നു. അതേസമയം ആധുനികമനുഷ്യന്റെ അർഥത്തിനുവേണ്ടിയുള്ള, സത്യത്തിനുവേണ്ടിയുള്ള തേടലിൽ അവ പുതിയ അർഥവും ദിശാബോധവും നൽകി. അദ്ദേഹത്തിന്റെ ആശയങ്ങൾ ആധുനികയുഗത്തിന് പ്രസക്തമാണെന്നതിനു പുറമേ അവ സമയരഹിതവും സാർവത്രികവുമാകുന്നു.

രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിൽ മറ്റേതു വ്യക്തിയേക്കാളുമേറെ കൃഷ്ണമൂർത്തി ലോകത്തിൽ ഏറെ വ്യക്തികളുമായി സംസാരിച്ചുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ആറു പതിറ്റാണ്ടുകളോളം അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ ലോകമെങ്ങും, പ്രത്യേകിച്ച് ഇന്ത്യയിലെ മദ്രാസ്, ന്യൂഡൽഹി, ബോംബെ തുടങ്ങിയ വൻനഗരങ്ങളിൽ, കാലിഫോർണിയയിലെ ഓഹായ്‌വാലിയിൽ, സ്വിറ്റ്സർലൻഡിലെ സാനെനിൽ, ദക്ഷിണ ഇംഗ്ലണ്ടിലെ ബ്രോക്ക്‌വുഡ് പാർക്കിൽ ആയിരങ്ങളെത്തി.

കൃഷ്ണമൂർത്തി ലോകാരാധ്യരായ പല വ്യക്തികളുമായി സ്വകാര്യമായും പരസ്യമായും സംസാരിച്ചു. വിഖ്യാത ശാസ്ത്രകാരൻമാരായ ഡോ. ഡേവിഡ് ബോം, ഫ്രിജോ കാപ്രെ, നോവലിസ്റ്റായ ആൽഡസ് ഹക്സ്‌ലി, പോളിയോ വാക്സിൻ കണ്ടുപിടിച്ച ഡോ. ജോനസ് സാൽക് എന്നിവർ ഇതിൽ ഉൾപ്പെടുന്നു. നാടകരചയിതാവായിരുന്ന ജോർജ് ബർണാഡ്ഷാ, കവിയായിരുന്ന ഖലീൽ ജിബ്രാൻ, പ്രശസ്ത രാഷ്ട്രീയനേതാക്കൾ, സാഹിത്യകാരൻമാർ, മതനേതാക്കൾ ഇവരൊക്കെ കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളിലും ആശയങ്ങളിലും ആകർഷിതരായി. കൃഷ്ണമൂർത്തിയുടെ തത്ത്വചിന്ത പ്രായമായവർക്കും ധൈഷണികമായ ഔന്നത്യം പുലർത്തുന്നവർക്കും മാത്രമുള്ളതാണെന്നു ചിന്തിക്കുന്നത് ഗുരുതരമായ ഒരു പാളിച്ചയാണ്. മറിച്ച്, കൃഷ്ണമൂർത്തി ഇന്ത്യയിലും പുറത്തും സ്ഥാപിച്ച സ്കൂളുകളിലെ കുട്ടികളുമായി നടത്തിയ സംഭാഷണങ്ങൾ ഏറെ താൽപ്പര്യത്തോടെയാണ് സ്വീകരിക്കപ്പെട്ടത്. ഭയരഹിതമായും മാത്സര്യങ്ങളില്ലാതെയും അവനവനെപ്പറ്റിയുള്ള അഗാധമായ ധാരണയോടെയും കുട്ടികൾ വളർന്നുവരണമെന്ന് ഇത്തരം സ്കൂളുകൾകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചു. മഹാനായ ഒരു ഗുരുവായിരുന്ന അദ്ദേഹത്തിന് യുവജനങ്ങളിലേക്കെത്താൻ പ്രയാസമുണ്ടായില്ല. ഭൂമിയുടെ സൗന്ദര്യത്തിനു നേരെയും ഒപ്പം മനുഷ്യന്റെ യാതനയ്ക്കു നേരെയും അവരുടെ സംവേദനപരതയെ ഉണർത്തിക്കൊണ്ട് ഏറെ

സങ്കീർണമായ മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റിവരെയുള്ള ജീവസ്സുറ്റ ചർച്ചകളിൽ അദ്ദേഹം അവരെ പങ്കാളികളാക്കി.

ഇംഗ്ലീഷിൽ മാത്രമാണ് കൃഷ്ണമൂർത്തി സംസാരിച്ചതും എഴുതിയതുമെങ്കിലും അദ്ദേഹത്തിന്റെ രചനകൾ അമ്പതിലേറെ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. ഏതാനും ദശകങ്ങളോളം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഏകാധിപത്യരാജ്യങ്ങളിൽ ഗൂഢമായാണ് വിതരണം ചെയ്യപ്പെട്ടത്. അദ്ദേഹത്തിന്റെ ലക്ഷക്കണക്കിനു പുസ്തകങ്ങൾ ലോകമെമ്പാടും വിറ്റഴിക്കപ്പെട്ടു. ഒരു ലക്ഷം പേജുകളോളം വരുന്ന അച്ചടിച്ച രചനകൾ കൃഷ്ണമൂർത്തിയുടേതായുണ്ട്. രണ്ടായിരത്തഞ്ഞൂറ് ഓഡിയോ ടേപ്പുകളും അറുനൂറു വിഡിയോ ടേപ്പുകളും.

ഇത്രയുമാണദ്ദേഹത്തിന്റെ ഭൗതികമായ പൈതൃകം. അദ്ദേഹത്തിന്റെ ജീവിച്ചിരിക്കുന്ന പൈതൃകം ലോകത്തിലെ എണ്ണമറ്റ മനുഷ്യഹൃദയങ്ങളിൽ, മനസ്സുകളിൽ കുടികൊള്ളുന്നു. അവരുടെ ജീവിതത്തെ തന്റെ അളവറ്റ വിവേകംകൊണ്ടും സർവ ജീവജാലങ്ങളോടുമുള്ള അതിരറ്റ സ്നേഹംകൊണ്ടും അദ്ദേഹം സ്പർശിക്കുകയും മാറ്റുകയും ചെയ്തു.

ജീവിതത്തിന്റെ അന്ത്യവേളയോടടുത്ത് തന്റെ തത്ത്വചിന്തയുടെ സംഗ്രഹമെന്നു പറയുന്നതെന്തായിരിക്കുമെന്ന ചോദ്യത്തിനുത്തരമായി കൃഷ്ണമൂർത്തി ദൃഢസ്വരത്തിൽ മൊഴിഞ്ഞു: ‘എവിടെ നീയുണ്ടോ, അവിടെ മറ്റേത് ഇല്ല.’ മറ്റേതെന്നത് അദ്ദേഹം തന്റെ ജീവിതത്തിലും ചിന്തയിലും വ്യാപിച്ചുകിടന്നിരുന്ന പാവനമായതിനെ ഉദ്ദേശിച്ചുകൊണ്ട് ഉപയോഗിച്ചിരുന്ന ഒരു വാക്കത്രേ.

*– കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ*



# സമൂലമായ മാറ്റം സാധ്യമാണോ?

മനുഷ്യന്റെ മതിഭ്രമത്തെ പരിപൂർണമായും രൂപാന്തരപ്പെടുത്താനുള്ള മാർഗമാണ് ധ്യാനം. തത്ത്വങ്ങളിലും ആശയങ്ങളിലും മനുഷ്യൻ കുരുങ്ങിക്കിടക്കുകയാണ്. അത് തനിക്കും അപരനും ഇടയിലുള്ള സംഘർഷത്തിന് ഒരറുതി വരുത്തുന്നതിൽനിന്നും അവനെ തടയുന്നു. ദേശീയവും മതപരവുമായ ആശയങ്ങളും സ്വന്തം പൊങ്ങച്ചത്തിന്റെ ദുർവാശികളും മനുഷ്യനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ നശീകരണപ്രക്രിയ ലോകത്താകെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. സഹിഷ്ണുതയിലൂടെയും അനുരഞ്ജനത്തിലൂടെയും ആശയവിനിമയത്തിലൂടെയും മുഖം രക്ഷിക്കാനുള്ള ഉപായങ്ങളിലൂടെയും എല്ലാം ഇതിനൊരറുതി വരുത്താൻ മനുഷ്യൻ ശ്രമിക്കുന്നുണ്ട്. എന്നാൽ, അവൻ തന്റെ ശീലവിധേയതയിൽത്തന്നെ (Conditioning) ഉറച്ചുനിൽക്കുന്നു.

തത്ത്വങ്ങളിലോ പ്രമാണങ്ങളുടേയും ആദർശങ്ങളുടേയും പൊങ്ങച്ചങ്ങളിലോ ഒന്നുമല്ല നന്മ കുടികൊള്ളുന്നത്. അവയെല്ലാം സ്നേഹത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ധ്യാനമാകട്ടെ, സ്നേഹത്തിന്റെ പുഷ്പിക്കലാണ്.

അന്നു പുലർച്ചെ താഴ്‌വാരം വളരെ നിശ്ചലമായിരുന്നു. മൂങ്ങപോലും ഇണയെ വിളിച്ചുകൊണ്ടിരുന്നില്ല. അവന്റെ മൂളൽ ഒരു മണിക്കൂർ മുമ്പേതന്നെ നിലച്ചിരുന്നു. സൂര്യൻ ഇനിയും പുറത്തുവന്നിട്ടില്ല. നക്ഷത്രങ്ങൾ തിളങ്ങിക്കൊണ്ടേയിരുന്നു. ഒരു നക്ഷത്രം പടിഞ്ഞാറൻ മലകളിൽ അസ്തമിക്കുകയാണ്. കിഴക്കുനിന്ന് വെളിച്ചം മെല്ലെമെല്ലെ പരക്കാൻ തുടങ്ങി. സൂര്യനുദിച്ചപ്പോൾ മഞ്ഞുതുള്ളികളാർന്ന പാറക്കെട്ടുകൾ തിളങ്ങി. കള്ളിച്ചെടികളും ഇലകളും വെള്ളിപോലെ മിന്നിമിനുങ്ങി. ഭൂമിയുടെ സൗന്ദര്യം ഉണർന്നെഴുന്നേറ്റു.

വരാന്തയിൽ രണ്ടു കുരങ്ങന്മാർ. അവയ്ക്ക് ചുവപ്പു മുഖങ്ങൾ, തവിട്ടു രോമങ്ങൾ, നീളം കുറഞ്ഞ വാലുകൾ. ഒന്ന് മറ്റേതിന്റെ ദേഹത്ത് ചെള്ള് പരതുകയാണ്. ചെള്ള് കണ്ടെത്തുമ്പോൾ ശ്രദ്ധയോടെ എടുത്ത് അകത്താക്കുന്നു. വിറളിപിടിച്ച് അവ വരാന്തയിൽ